# കിഴുവിലം ഗ്രാമപഞ്ചായത്ത്

## പൗരാവകാശരേഖ
## 2026
(പുതുക്കിയത്)

## ഉള്ളടക്കം

1. പഞ്ചായത്ത് പ്രസിഡന്റിന്റെ സന്ദേശം
2. ആമുഖം
3. ഫ്രണ്ട് ഓഫീസ്
4. പൊതുവിവരങ്ങൾ
5. കിഴുവിലം പഞ്ചായത്ത് ഭൂപടം
6. കിഴുവിലം പഞ്ചായത്ത് - ഭൂപ്രകൃതി - പരിസ്ഥിതി സവിശേഷതകൾ
7. കിഴുവിലം ഗ്രാമപഞ്ചായത്ത് ഭരണസമിതി
8. ജൈവവൈവിധ്യ രജിസ്റ്റർ
9. പഞ്ചായത്തിലെ കോളനികൾ
10. ജാഗ്രതാ സമിതി
11. ഗ്രാമപഞ്ചായത്ത് സംഘടനാ സംവിധാനം
12. കിഴുവിലം പഞ്ചായത്ത് ഓഫീസ് ഉദ്യോഗസ്ഥ സംവിധാനം
13. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും
14. ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ
15. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
16. പൗരന്മാർക്ക് സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ
17. പ്രസിഡന്റ് നൽകുന്ന സർട്ടിഫിക്കറ്റുകൾ
18. ഗ്രാമസഭ
19. പഞ്ചായത്തിന്റെ നികുതി നിർണയം
20. ചുമതലകളും കടമകളും
21. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി
22. കുടുംബശ്രീ
23. സാക്ഷരതാപ്രവർത്തനം
24. ലീഗൽ സർവ്വീസ് നിയമസഹായം
25. വനിതാപോലീസ് നിയമസഹായം

# പരിഷ്ക്കരിച്ച പൗരാവകാശ രേഖ
# ആമുഖം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം സുതാര്യവും കാര്യക്ഷമവും ജനപക്ഷവും പൗരന്മാർക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സെക്ഷൻ 272 (എ) (1) (2) പ്രകാരം പൗരന്മാർക്ക് ലഭ്യമാക്കുന്ന സമയപരിധിയും സംബന്ധിച്ച് എല്ലാ വർഷവും പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവിധ സേവനങ്ങൾ വിവരിച്ച് കൊണ്ട് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നതാണ് പൗരാവകാശ രേഖ. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 272 (എ) യിലെ ഭേദഗതിയും 2012 ലെ സേവനാവകാശ നിയമപ്രകാരമുള്ള വ്യവസ്ഥകളും ഈ പൗരാവകാശ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഈ ആഫീസിൽ സജ്ജമാക്കിയിട്ടുള്ള ഫ്രണ്ട് ആഫീസ് സംവിധാനത്തിലൂടെ ലഭ്യമാക്കി വരുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. പ്രാദേശിക സർക്കാർ എന്ന നിലയിൽ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ജനം ആദ്യം എത്തുന്നത് ഗ്രാമപഞ്ചായത്ത് ആഫീസുകളിലാണ്. പ്രസ്തുത ഉത്തരവാദിത്തം ഭംഗിയായും സമയബന്ധിതമായും നിറവേറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായ ഈ പൗരാവകാശ രേഖ പഞ്ചായത്തിലും കൈമാറി കിട്ടിയ സ്ഥാപനങ്ങളിലും വിവിധ സേവനങ്ങൾക്കായി ബന്ധപ്പെടുന്ന ജനങ്ങൾക്ക് അനുഗ്രഹമായി തീരട്ടെയെന്ന് ആശംസിച്ചുകൊണ്ട് എല്ലാ നല്ലവരായ നാട്ടുകാരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ രേഖ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നു.

വിശ്വസ്തതയോടെ,

ഷമീർ കിഴുവിലം
(ഒപ്പ്)
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ഡി. അനിൽകുമാർ
(ഒപ്പ്)
ഗ്രാമപഞ്ചായത്ത് സെക്രട്ടറി

കിഴുവിലം ഗ്രാമപഞ്ചായത്ത്

# ചരിത്രത്തിലൂടെ.........

1952 ലെ ഇന്ത്യൻ പാർലമെന്റിന്റെ ബില്ലിന്റെ ഭാഗമായാണ് 1953 ൽ കിഴുവിലം ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. അന്ന് തിരുകൊച്ചി ഭരണകാലം. വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ രൂപീകൃതമായി. 1953 ലെ തെരഞ്ഞെടുപ്പിൽ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഭരണസമിതി നിലവിൽ വിന്നു. ശ്രീഗോപാലശാസ്ത്രി ആദ്യത്തെ പ്രസിഡന്റായി. തിരുമേനി നീലകണ്ഠപ്പിള്ള ആദ്യത്തെ വൈസ് പ്രസിഡന്റുമായി. 6 വാർഡുകൾ ഉണ്ടായിരുന്നതിൽ ഒരു വാർഡ് ദ്വയാംഗ വാർഡായിരുന്നു. അങ്ങനെ 7 വാർഡ് മെമ്പർമാർ. എസ്.സി. വിഭാഗത്തിലെ മെമ്പർ ശ്രീ. സദാനന്ദൻ ആയിരുന്നു. വനിതാഅംഗം ഇല്ലായിരുന്നു.

1963 ലെ രണ്ടാമത്തെ ഭരണസമിതിയിൽ ശ്രീ. എസ്. വാസുദേവൻ പ്രസിഡന്റായി. ശ്രീ.വേലുക്കുട്ടിപ്പിള്ള വൈസ്പ്രസിഡന്റുമായി. ഭൂരിപക്ഷമുള്ള കക്ഷിക്ക് അന്ന് ഒരു വനിതയെ നോമിനേറ്റ് ചെയ്യാമായിരുന്നു. അങ്ങനെശ്രീമതി ജാനകിടീച്ചർ (ബഹു: ജസ്റ്റിസ് ശ്രീദേവിയുടെ അമ്മ) ആദ്യ വനിതാഅംഗമായി. ശ്രീ. പി. അപ്പി എസ്.സി. വിഭാഗത്തിലെ അംഗമായി. 7 വാർഡുകൾ ഉണ്ടായിരുന്നതിൽ ഒരു വാർഡ് ദ്വയാംഗ വാർഡായിരുന്നു. അങ്ങനെആ കമ്മ്യൂണിസ്റ്റ് ഭരണസമിതിയിൽ 8 അംഗങ്ങൾ ഉണ്ടായിരുന്നു.

1978 ലാണ് മൂന്നാമത്തെ ഭരണസമിതി നിലവിൽ വരുന്നത്. ആ കമ്മ്യൂണിസ്റ്റ് ഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ. എസ്. വാസുദേവൻ ആയിരുന്നു. ശ്രീ. ഭാസ്ക്കരൻനായർ വൈസ് പ്രസിഡന്റുമായി. 10 വാർഡുകൾ ഉണ്ടായിരുന്നു. എല്ലാ വാർഡുകളും ഏകാംഗവാർഡുകളായിരുന്നു. അതിൽ ശ്രീമതി ലൈല വനിതാ അംഗമായിരുന്നു. ശ്രീ. എസ്. പത്മനാഭൻ എസ്.സി. വിഭാഗത്തിലെ അംഗമായി.

**<u>1978 ലെ ഭരണസമിതി അംഗങ്ങൾ</u>**

1. ശ്രീ. ഇടയ്ക്കോട് ഭാസ്ക്കരൻനായർ
2. ശ്രീ. ബി. രാജൻ
3. ശ്രീ. എസ്. വാസുദേവൻ
4. ശ്രീ. കാരാളി സുധാകരൻ
5. ശ്രീമതി പനയത്തറ ലൈല
6. ശ്രീ. എസ്.ഡി. ബാലൻ
7. ശ്രീ. എസ്. പത്മനാഭൻ
8. ശ്രീ. പി. വിശ്വനാഥൻപിള്ള
9. ശ്രീ. സദാശിവൻപിള്ള
10. ശ്രീ. അബ്ദുൾ റഷീദ്

ടി ഭരണസമിതികളിലൊന്നും സ്ഥിരം സമിതികളില്ല. 1982 ലെ അന്നത്തെ കോൺഗ്രസ് മന്ത്രിസഭ ടി ഭരണസമിതിയെ പിരിച്ചുവിട്ടു.

1967 ൽ കിഴുവിലം ഗ്രാമപഞ്ചായത്തിന് സ്വന്തമായി രണ്ട് ഏക്കർ സ്ഥലം ലഭിക്കുന്നത് അന്നത്തെ റവന്യൂമന്ത്രിയായിരുന്ന ശ്രീമതി കെ. ഗൗരിയമ്മയുടെ സമയോജിതമായ ഇടപെടൽ മൂലമാണ്. 1968 ൽ കിഴുവിലം ഗ്രാമപഞ്ചായത്തിന് സ്വന്തമായി കെട്ടിടം ഉണ്ടായി. അന്നത്തെ പഞ്ചായത്ത് മന്ത്രി ബഹു: അഹമ്മദ് കുരിക്കൾ അവർകൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അന്ന് സ്ഥലം എം.എൽ.എ. ബഹു: കോസല രാമദാസ് അവർകൾ ആയിരുന്നു.

കടപ്പാട് : **ശ്രീ. പി. വിശ്വനാഥൻപിള്ള**
1978 ലെ ഭരണസമിതി അംഗം

## ഫ്രണ്ട് ഓഫീസ്

ഏതൊരു സ്ഥലത്തേക്കും, വീട്ടിലേക്കും ഉള്ള പ്രവേശനമാർഗം എന്നതുപോലെ സദ്ഭരണ നിർവഹണത്തിനുവേണ്ടിയുള്ളഒരു പ്രവേശനമാർഗമാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. ഫ്രണ്ട് ഓഫീസ് പഞ്ചയാത്ത് ഓഫീസിന്റെ ഒരു ഭാഗം തന്നെയാണ്. ജനങ്ങൾ ജീവനക്കാരുടെയോ, സെക്രട്ടറിയുടെയോ, പ്രസിഡന്റിനടുത്തോ സേവനങ്ങൾക്കായി നേരിട്ടു ചെല്ലുന്നതിനു പകരമുള്ള ഒരു ഏകജാലകസംവിധാനമാണിത്. കേരള നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ ഓഫീസിനകത്ത് കൂട്ടംകൂടി നിൽക്കുന്നത് ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി ഒരു സേവനസംവിധാനം ഏർപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ 18.01.2017 ലെ എച്ച് 13880/06 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. ഇതുതന്നെയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം വഴി യാഥാർത്ഥ്യമാകുന്നത്. തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽ കെ സ്മാർട്ട് സംവിദാനം നടപ്പിലാക്കിയതോടേ സേവനങ്ങൾ പൂർണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടെകിലും ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു.

## ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ

1. പഞ്ചായത്തിലേക്കുള്ള പണവരവുകളും ഫ്രണ്ട് ഓഫീസ് വഴിയാണ് സ്വീകരിക്കുന്നത്.
2. ഫ്രണ്ട് ഓഫീസ് പ്രവർത്തനം 10 മണിമുതൽ 5 മണി വരെയാണ്.
   (ഉച്ചയ്ക്ക് 1.15 മുതൽ 2 മണിവരെ ഇടവേള)
3. പണം ഇടപാടുകൾ നടക്കുന്നത് 3 മണി വരെ.

## പൊതുജനങ്ങൾക്കായുള്ള ഭൗതിക സൗകര്യങ്ങൾ

1. സർക്കാർ ഉത്തരവ് 123/2009 തസ്വഭവ തീയതി 02.07.2009 പ്രകാരം പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ട എല്ലാ സൗകര്യങ്ങളും സജ്ജീകരിക്കുകയും അവയുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിരന്തരം ഉറപ്പുവരുത്തുന്നുണ്ട്.
2. അപേക്ഷാഫാറങ്ങളും സ്റ്റേഷനറി (പേന, പശ, നൂൽ, സ്റ്റാപ്ലർ, മൊട്ടുസൂചി, പേപ്പർ, പഞ്ച്) സാധനങ്ങൾ എല്ലാദിവസവും അവയുടെ ലഭ്യത സൂപ്പർവൈസർ ഉറപ്പുവരുത്തുന്നുണ്ട്.
3. ഫ്രണ്ട് ഓഫീസ് കൗണ്ടർ സൗകര്യപ്രദവും സുഖകരവുമായ ആശയവിനിമയത്തിന് ഉതകുന്നതരത്തിലും പരസ്പരം കാണാൻ കഴിയുന്ന രീതിയിലുമാണ്.
4. പൊതുജനങ്ങൾക്കായി ടോയ്ലറ്റ് സജ്ജീകരിച്ചിട്ടുണ്ട്.
5. പത്രമാസികകൾ, ടി.വി.കാണുന്നതിനുള്ള സൗകര്യം എന്നിവ പൊതുജനങ്ങൾക്കായി സജ്ജീകരിച്ചിട്ടുണ്ട്

# കിഴുവിലം ഗ്രാമപഞ്ചായത്ത് ഭൂപടം




1 പുരവൂർ
2 പാവൂർകോണം
3 കാട്ടുംപുറം
4 വെള്ളൂർകോണം
5 പുലിയൂർകോണം
6 മാമംനട
7 അരികത്തുവാർ
8 അണ്ടൂർ
9 കുറക്കട
10 നൈനാംകോണം
11 മുടപുരം
12 തെന്നൂർകോണം
13 കിഴുവിലം
14 ചുമടുതാങ്ങി
15 കാട്ടുമുറാക്കൽ
16 കുന്നുവാരം
17 പുളിമൂട്
18 കൂന്തള്ളൂർ
19 വൈദ്യന്റെമുക്ക്
20 തോട്ടവാരം
21 വലിയഏല

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | കിഴുവിലം |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കിഴുവിലം, കൂന്തള്ളൂർ, ആറ്റിങ്ങൽ (ഭാഗികം) |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറയിൻകീഴ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കിഴുവിലം, പുരവൂർ, ഇടയ്ക്കോട് (ഭാഗികം) |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | കിഴുവിലം |
| അസംബ്ലി മണ്ഡലം | : | ചിറയിൻകീഴ് |
| പാർലമെന്റ് മണ്ഡലം | : | ആറ്റിങ്ങൽ |
| വിസ്തീർണം | : | 14.74 ച.കി.മി |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി |
| കിഴക്ക് | : | മുദാക്കൽ ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | മാമം ആറിന്റെ കൈവഴി മംഗലപുരം, അഴൂർ ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്, വാമനപുരം നദി |
| ജനസംഖ്യ | : | 30770 (2011 ൽ നടത്തിയ കാനേഷുമാരി) |
| പുരുഷന്മാർ | : | 13908 |
| സ്ത്രീകൾ | : | 16802 |
| വാർഡുകൾ | : | 21 |
| വീടുകൾ | : | 14557 (കടകൾ ഉൾപ്പെടെ) |
| പഞ്ചായത്ത് രൂപീകരണം | : | 1952 |